ഫറോക്ക് ടൗണിൽ ഓവുചാൽ നിർമ്മാണത്തിന് നടപടി

78 (2017) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്ക് ടൗണിൽ ഓവുചാൽ ഇല്ലാത്തതിനാൽ മഴക്കാലത്ത് ടൗൺ വെള്ളത്തിനടിയിലാകുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) റോഡിൽ വെള്ളം കെട്ടിക്കിടക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നം പരിഹരിക്കുന്നതിനായി താൽക്കാലിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ ഒഴിവുള്ള മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികകൾ

79 (2018) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും പുനർവിന്യാസം വഴി തദ്ദേശ ഭരണ വകുപ്പിലേക്ക് ട്രാൻസ്ഫർ നടന്നശേഷം പി.എസ്.സി. യിൽ നിലവിലുള്ള മൂന്നാം ഗ്രേഡ് ഓവർസിയർ റാങ്കുലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് എന്ന് വെളിപ്പെടുത്തുമോ ;

(സി) പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ എത്ര മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികകൾ ഒഴിവുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര ; ഈ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശഭരണ വകുപ്പിലേക്ക് പുനർവിന്യാസം നടന്നതിനുശേഷം മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ ഒഴിവുണ്ടായിരുന്ന 220 തസ്തികകളിലേക്ക് 10-6-2003-ലെ ഉത്തരവു പ്രകാരം നിയമനം നടത്തിയിട്ടുണ്ട്.

(സി & ഡി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly